RCS/3391/2019-G(4)

ജി(4)3391/2019

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി-03.7.2019

**സർക്കുലർ നം.-26/2019**

വിഷയം:- സഹകരണ വകുപ്പ്- കേരള ഗ്രന്ഥശാല സഹകരണ സംഘം- തിരുവനന്തപുരം ജനസംസ്കൃതിയുടെ ഇതിഹാസം-പ്രസിദ്ധീകരണം- സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന-നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്.

പരാമർശം:-1) സംഘം പ്രസിഡന്റിന്റെ 27.05.2019-ലെ അപേക്ഷ
2) 452/Min/(Co-op, Tsm & Dev/2019) നം എൻഡോഴ്സ്മെന്റ്.

തിരുവനന്തപുരം ജില്ലയുടെ ചരിത്രം, ഭൂമിശാസ്ത്രം, വിദ്യാഭ്യാസം, കല, സാഹിത്യം, സംസ്കാരം, ഐതിഹാസിക സമരങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് "തിരുവനന്തപുരം ജനസംസ്കൃതിയുടെ ഇതിഹാസം" എന്ന പേരിൽ കേരള ഗ്രന്ഥശാല സഹകരണ സംഘം ഒരു സമ്പൂർണ്ണ ചരിത്രരചന പ്രസിദ്ധീകരിക്കുകയാണ്. ഇതിന്റെ പൂർത്തീകരണത്തിന് ഒരു വലിയ തുക ചെലവാകുന്നതിനാൽ തിരുവനന്തപുരം ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുന്നതിന് പെർമിസ്സീവ് സാങ്ഷൻ നൽകണമെന്നപേക്ഷിച്ചു കൊണ്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ പരാമർശം (2) പ്രകാരം അനുമതി ലഭ്യമായിരിക്കുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ "തിരുവനന്തപുരം ജനസംസ്കൃതിയുടെ ഇതിഹാസം" എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിനുവേണ്ടി കേരള ഗ്രന്ഥശാല സഹകരണ സംഘം ക്ളിപ്തം നം റ്റി.182 ന് തിരുവനന്തപുരം ജില്ലയ്ക്കകത്തുള്ള സഹകരണ സംഘങ്ങളുടെ പൊതുനന്മഫണ്ടിൽ നിന്നും 15000/- രൂപയിൽ കവിയാത്ത ഒരു തുക സംഭാവനയായി നൽകുന്നതിന് അനുമതി നൽകുന്നു.

(ഒപ്പ്)
എസ്.ഷാനവാസ്, ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:- 1) ജോയിന്റ് രജിസ്ട്രാർ (ജനറൽ) തിരുവനന്തപുരം
2) ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)തിരുവനന്തപുരം.
3) അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്), തിരുവനന്തപുരം(ജോയിന്റ് രജിസ്ട്രാർ/ഡയറക്ടർ(ജനറൽ/ആഡിറ്റ്) മുഖേന
4) പ്രസിഡന്റ്, കേരള ഗ്രന്ഥശാലാ സഹകരണ സംഘം
5) സഹകരണവീഥി
6) വെബ് സൈറ്റ്
7) സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)